**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ സംസ്കരണത്തിനായി നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **അജൈവ മാലിന്യം ഹരിതകർമ്മ സേന വഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് വാർഡുതലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി.എം.സി.എഫുകളിലോ തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയിലോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യം അനുസരിച്ച് രണ്ടാം തരംതിരിവ് നടത്തി അവയുടെ മൂല്യത്തിനനുസരിച്ച് ക്ലീൻ കേരള കമ്പനി മുഖേനയോ അംഗീകൃത പ്രൈവറ്റ് ഏജൻസി മുഖേനയോ പുനരുപയോഗത്തിനോ, പുന:ചംക്രമണത്തിനോ കൈമാറിവരുന്നു. പുനരുപയോഗം ചെയ്യാനാകാത്ത മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിൽ ഇന്ധനമായും ഉപയോഗിച്ച് വരുന്നു<br><br>ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളാണ് സംസ്ഥാനത്ത് പ്രധാനമായും നടപ്പിലാക്കി വരുന്നത്. മാലിന്യത്തിൽ നിന്നും ബയോഗ്യാസ് ഉത്പ്പാദിപ്പിക്കുന്ന സി.ബി.ജി പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും പരിഗണനയിലാണ്.** |
| (ബി) | വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മസേനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ഉണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി അജൈവ മാലിന്യങ്ങൾ അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ ശാസ്ത്രീയവും നൂതനവുമായ ജൈവ മാലിന്യ സംസ്കരണവിദ്യകളെ സംബന്ധിച്ചും ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകി വരുന്നുണ്ട്. ഇതിനുപുറമേ വാതിൽപ്പടി ശേഖരണത്തിലൂടെ ലഭിക്കുന്ന അജൈവ പാഴ്** |

| | | | |
|---|---|---|---|
| | | | **വസ്തുക്കൾ ഉപയോഗിച്ച് ബാഗ്, കാർപ്പെറ്റ്, മുതലായവ നിർമ്മിച്ച് സ്വാപ് ഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നതിനും, ശേഖരിക്കുന്ന കേടായ ഇലക്ട്രിക് ഉപകരണങ്ങളും മറ്റും റിപ്പയർ ഷോപ്പുകൾ വഴി റിപ്പയർ ചെയ്ത് വിപണനം നടത്തുന്നതിനും അതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.** |
| (സി) | വികേന്ദ്രീകൃത മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാ പ്രവർത്തകരുടെ എണ്ണം എത്രയെന്നും ഇവർക്ക് പ്രതിമാസം ശരാശരി എത്ര വേതനം ലഭിക്കുന്നുവെന്നും ഇവർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് നിലവിൽ 36,510 ഹരിത കർമ്മ സേനംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.എല്ലാ ഹരിത കർമ്മ സേന അംഗങ്ങൾക്കും കുറഞ്ഞത് 10,000/- രൂപ വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, KSWMP, ക്ലീൻ കേരള കമ്പനി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയോജിതമായി പ്രവർത്തിക്കുന്നു. ഓണത്തോടനുബന്ധിച്ച് ഓരോ ഹരിതകർമ്മ സേന അംഗത്തിനും 1000/- അലവൻസായി നല്കി വരുന്നു. ഇതിനുപുറമെ വരുമാനം ഉയർത്തുന്നതിനായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അധിക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ